

ടിനി ഫിലിപ്പ്

**The Contrarian Consultant**

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്.*
*email: tinyphilip@gmail.com, website: www.we-deliver-results.com*

# റെക്കോഡ് വിദേശനാണ്യ കരുതൽ ശേഖരം സാമ്പത്തിക മുന്നേറ്റത്തിന്റെ സൂചനയോ?

**പ്രതീക്ഷയുടെ അടിസ്ഥാനത്തിലല്ല, യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിലാണ് ചിന്തിക്കേണ്ടതെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു**



റെക്കോഡ് വിദേശനാണ്യ കരുതൽ ശേഖരം പോലുള്ള സൂചകങ്ങൾ ചൂണ്ടിക്കാട്ടി, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിക്കുകയാണെന്നാണ് പല സംരംഭകരും കരുതുന്നത്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിപ്പിലാണെന്ന് കരുതുന്നില്ലേ എന്ന് അവർ എന്നോടും ചോദിക്കുന്നു. എന്നാൽ നോട്ട് പിൻവലിക്കൽ, ജി.എസ്.ടിയുടെ തെറ്റായ നടപ്പിലാക്കൽ, കോവിഡ്, അതിന്റെ ഭാഗമായുണ്ടായ പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള ശരിയായ നടപടികളുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഞാൻ വിവിധ ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും അങ്ങനെയല്ലെന്ന് പറഞ്ഞുവരുന്നുണ്ട്.

പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ ക്രിയാത്മകമായി ചിന്തിക്കുന്നതിന് പകരം യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ക്രിയാത്മകമായി ചിന്തിക്കുക എന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നയാളാണ് ഞാനെന്ന് വായനക്കാർക്ക് അറിയാം.

കഴിഞ്ഞ കാലങ്ങളിലെന്ന പോലെ കരുത്തോടെ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം വളരുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം.

അടുത്തിടെ പേഴ്സണൽ കമ്പ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും ഇറക്കുമതി നിരോധിച്ച കേന്ദ്ര സർക്കാർ നടപടിയെ പലരും അത്ഭുതത്തോടെയാണ് കാണുന്നത്. ചിത്രം 1 കാണുക.

*Figure 1*

Headlines regarding ban on import of PC's laptop's, tablet's etc. - 6th Aug 2023



Why did the govt ban imports of laptops, computers? How will it help India? Here are all the answers

ഉറവിടത്തിൽ നിന്ന് തന്നെ 20 ശതമാനം നികുതി പിടിക്കാനുള്ള (TCS) കേന്ദ്ര സർക്കാർ തീരുമാനത്തിന് പിന്നാലെ ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം (LRS) പ്രകാരം ഇന്ത്യൻ പൗരന്മാർക്ക് വിദേശത്ത് പണം നിക്ഷേപിക്കാനുള്ള ബുദ്ധിമുട്ട് വർധിച്ച കാര്യവും ചിലർ ചൂണ്ടിക്കാട്ടുന്നു.

ചിത്രം 2 കാണുക.

*Figure 2*

Headlines regarding 20% TCS on LRS – 22nd May 2023



20% TCS on foreign remittances under LRS: Finance Ministry answers five important questions

റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി കൂടാതെ തന്നെ ഇന്ത്യക്കാർക്ക് പ്രതിവർഷം 2.5 ലക്ഷം ഡോളർ വരെ അയക്കുന്നതിനുള്ള എൽ.ആർ സ്കീം 2004ൽ വാജ്പേയി സർക്കാരാണ് അവതരിപ്പിച്ചത്.

വിദേശ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള ചെലവുകളും എൽ.ആർ.എസിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങളും പലരും ശ്രദ്ധിച്ചിട്ടുണ്ടാകും. ചിത്രം മൂന്ന് കാണുക.

*Figure 3*

Headlines regarding Overseas Credit Card Spend – 17th May 2023



Credit card spends in forex under LRS now, travel industry bodies oppose move

എന്നാൽ വിദേശ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള ചെലവിടൽ എൽ.ആർ.എസിൽ ഉൾപ്പെടുത്താനുള്ള തീരുമാനം ഒരു മാസത്തിനുള്ളിൽ പിൻവലിച്ചത് ചിത്രം നാലിൽ കാണാം.

*Figure 4*

Headlines regarding Overseas Credit Card Spend – 29th June 2023



No TCS for credit card spends abroad for now as govt puts decision on hold: What it means

നേരത്തെ കൊണ്ടുവന്ന പരിഷ്കാരങ്ങൾക്ക് നേർവിപരീതമായ തീരുമാനങ്ങൾ ഇപ്പോൾ എടുക്കുന്നതിന് പിന്നിലെന്താണ്? നമുക്ക് റെക്കോഡ് വിദേശനാണ്യ കരുതൽ ശേഖരം ഉണ്ടെങ്കിൽ അത്തരം തീരുമാനങ്ങൾ എടുക്കേണ്ടതിന്റെ ആവശ്യമെന്താണ്?

നമ്മുടെ വിദേശനാണ്യ കരുതൽ ശേഖരം എത്രയെന്ന് ചിത്രം അഞ്ചിൽ കാണിച്ചിരിക്കുന്നു.

*Figure 5*

India Forex Reserves – USD million



ചിത്രത്തിൽ കാണുന്നതു പോലെ 2022ൽ വിദേശനാണ്യ കരുതൽ ശേഖരം കുറയുകയാണ് ചെയ്തത്. വിദേശനാണ്യത്തിന്റെ പുറത്തേക്കുള്ള പ്രവാഹത്തിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള കടുത്ത തീരുമാനങ്ങളിലൂടെ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരത്തിൽ പുരോഗതി ഉണ്ടായേക്കാം.

എന്നാൽ, ആ പുരോഗതി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലെ കുതിപ്പ് മൂലം ഉണ്ടാകുന്നതാണോ?

ഞാൻ ഈ ലേഖനത്തിൽ വിശദമാക്കിയ കാര്യങ്ങൾ പഠിച്ച് സമ്പദ്‌വ്യവസ്ഥ യഥാർത്ഥത്തിൽ കുതിക്കുകയാണോ എന്ന് സ്വയം നിഗമനത്തിലെത്താനുള്ള സ്വാതന്ത്ര്യം വായനക്കാർക്ക് വിടുന്നു.

ഓർക്കുക, വിജയികളായ സംരംഭകർ ചെയ്യേണ്ടത് യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി ക്രിയാത്മകമായി ചിന്തിക്കുക എന്നതാണ്.

അല്ലാതെ പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ ക്രിയാത്മകമായി ചിന്തിക്കുകയല്ല. ■